# KERALA POLICE INFORMATION CENTRE

No.10/PR/PIC/PHQ/10 Date : 28/01/10

## അവാർഡ് ജേതാവായ FSL ഡയറക്ടർ ശ്രീ. ജെയിംസ് ഫിലിപ്പോസിനെ പോലീസ് ആസ്ഥാനത്ത് അനുമോദിക്കുന്നു

2009 ലെ ഫോറൻസിക് സയൻസ് എക്സലൻസ് അവാർഡ് ജേതാവായ സംസ്ഥാന ഫോറൻസിക് സയൻസ് ഡയറക്ടർ ശ്രീ. ജെയിംസ് ഫിലിപ്പോസിന് പോലീസ് ആസ്ഥാനത്ത് അനുമോദനം ഒരുക്കുന്നു.

സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ ഉന്നമനത്തിനായി പ്രവർത്തിച്ചതിന്റെയും ലബോറട്ടറി ഉന്നതനിലവാരത്തിലെത്തിച്ചതിന്റെയും അംഗീകാരമായാണ് ഈ ദേശീയ അവാർഡ് അദ്ദേഹത്തിന് ലഭിച്ചത്. കേരളത്തിൽ ഇദംപ്രഥമമായാണ് ഈ അവാർഡ് ലഭിക്കുന്നത്.

2010 ജനുവരി 29, 3.00 PM ന് പോലീസ് ആസ്ഥാനത്ത് നടക്കുന്ന അനുമോദന ചടങ്ങിൽ ബഹുമാനപ്പെട്ട കേരള ആഭ്യന്തരവകുപ്പ് മന്ത്രി ശ്രീ.കോടിയേരി ബാലകൃഷ്ണൻ മുഖ്യാതിഥി ആയിരിക്കും. പോലീസ് ആസ്ഥാന മന്ദിര സമുച്ചയത്തിലെ **5**-ാം നിലയിലുള്ള കോൺഫറൻസ് ഹാളിൽ നടക്കുന്ന അനുമോദന ചടങ്ങിൽ DGP ശ്രീ. ജേക്കബ് പുന്നൂസ് അദ്ധ്യക്ഷനായിരിക്കും. ADGP (Crimes) ശ്രീ. ഡെസ്മണ്ട് നെറ്റോ, മുൻ FSL ഡയറക്ടർ Dr. പി. മാധവ കൈമൾ, FSL ജോയിന്റ് ഡയറക്ടർ ശ്രീമതി. പി.ജമീല എന്നിവർ ആശംസകൾ അർപ്പിക്കും. ഡി.ഐ.ജി ശ്രീ. എസ്. ഗോപിനാഥ് സ്വാഗതവും, FSL അസ്സിസ്റ്റന്റ് ഡയറക്ടർ Dr. ആർ. ശ്രീകുമാർ നന്ദിപ്രകാശനവും നടത്തും.

1982 ൽ FSL ൽ ബാലിസ്റ്റിക് എക്സ്പർട്ട് ആയി ഔദ്യോഗിക ജീവിതം ആരംഭിച്ച ശ്രീ. ജെയിംസ് ഫിലിപ്പോസ് 2004 നവംബർ മാസത്തിൽ FSL ഡയറക്ടറുടെ ചാർജ്ജ് ഏറ്റെടുക്കുകയും 2005 ജൂൺ മാസത്തിൽ FSL ഡയറക്ടറായി നിയമിതനാകുകയും ചെയ്തു. ഫിസിക്സിൽ ബിരുദാനന്തര ബിരുദവും നിയമത്തിൽ ബിരുദവും നേടിയിട്ടുള്ള ശ്രീ. ജെയിംസ് ഫിലിപ്പോസ് തന്റെ 28 വർഷത്തെ ഔദ്യോഗിക സേവനത്തിനിടയിൽ വിവിധ വിഷയങ്ങളിൽ പരിശീലനം നേടിയിട്ടുള്ളതും പെരുമൺ, കടലുണ്ടി ട്രെയിൻ ദുരന്തങ്ങൾ, കോഴിക്കോട് മാനാഞ്ചിറ സ്ഫോടനം, തേക്കടി ബോട്ട് ദുരന്തം തുടങ്ങി നിരവധി കേസ്സുകളിൽ വിദഗ്ധ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ DNA പരിശോധന വിഭാഗം സ്ഥാപിക്കുന്നതിനും പോളിഗ്രാഫ് പരിശോധന പ്രവർത്തനസജ്ജമാക്കുന്നതിനും കൊച്ചിയിൽ ഒരു പുതിയ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കാനും ശ്രീ. ജെയിംസ് ഫിലിപ്പോസിന് കഴിഞ്ഞിട്ടുണ്ട്. ലബോറട്ടറിയുടെ സേവനം അന്വേഷണ ഉദ്യോഗസ്ഥൻമാർ പരമാവധി പ്രയോജനപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി ട്രെയിനിംഗുകളും സെമിനാറുകളും എക്സിബിഷനുകളും ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

The contents of this document may be deemed to be based on received information which is subject to further verification